**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1069** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പുറമ്പോക്ക് ഭൂമി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ദീർഘകാലമായി റവന്യൂ വകുപ്പിൻെറ അനാസ്ഥകാരണം സർക്കാർ പുറമ്പോക്കുകളും പി.ഡബ്ല്യൂ.ഡി റോഡുകളും, പഞ്ചായത്ത് - നഗരസഭ - കോർപ്പറേഷൻ റോഡുകളും വ്യക്തികൾ കൈയേറി സ്വന്തമെന്ന നിലയിൽ കൈകാര്യം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ പുറമ്പോക്കുകൾ വ്യക്തികൾ കൈയ്യേറി സ്വന്തമെന്ന നിലയിൽ കൈകാര്യം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകൾ കേരള ഭൂസംരക്ഷണ നിയമം 1957 ലെ വ്യവസ്ഥകൾ പ്രകാരം കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി ഒഴിപ്പിച്ചെടുത്തു വരുന്നു.

പി.ഡബ്ലിയൂ.ഡി റോഡുകളും, പഞ്ചായത്ത് നഗരസഭ കോർപ്പറേഷൻ റോഡുകളും അതാത് വകുപ്പിന്റെ അധീനതയിലുള്ളതും ടി റോഡുകളിലുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനു അതാത് വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ടി റോഡുകളിലുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് സഹിതം റിപ്പോർട്ട് അതാത് വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് യഥാസമയം റവന്യൂ വകുപ്പ് മുഖേന നൽകി വരുന്നുണ്ട്. ഇത്തരത്തിൽ കയ്യേറ്റക്കാർ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാരിലേക്ക് തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** സർക്കാർ പുറമ്പോക്കുകളിലെ കൈയേറ്റം തടയുന്നതിൽ പരാജയപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സർക്കാർ പുറമ്പോക്കുകളിലെ കൈയേറ്റം തടയുന്നതിൽ പരാജയപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കേരള ഭൂസംരക്ഷണ നിയമം 1957 വകുപ്പ് 7(c) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**